● അനുസ്മരണം ●

# ഒടിയേരി ബശീർ

**ഒടിയേരി** ബശീർ സാഹിബ് (44) 2006 ഡിസംബർ 29-ന് അല്ലാഹുവിങ്കലേക്ക് യാത്രയായി - *ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി രാജിഊൻ.*

1989 ജനുവരി 4-ാം തീയതി ഗൾഫിൽനിന്ന് നാട്ടിലേക്കുള്ള യാത്രാമധ്യേ പൂനെയിൽ വെച്ചുണ്ടായ ബസ്സപകടത്തിൽ നട്ടെല്ല് തകർന്ന് ഗുരുതരമായി പരിക്കേറ്റ അദ്ദേഹം 18 വർഷത്തോളമായി നടക്കാൻ പോലും കഴിയാതെ മരണം വരെ കിടപ്പിലായിരുന്നു. 1985-ലാണ് കോറോത്ത് മമ്മുവിന്റെ മകൾ ഫരീദയുമായി വിവാഹം നടന്നത്. 65 ദിവസമാണ് ആകെ ദാമ്പത്യജീവിതം. നാലു വർഷത്തിനിടയിൽ രണ്ട് തവണ നാട്ടിൽവന്ന് ഗൾഫിലേക്ക് പോയ അദ്ദേഹം 3 മാസം കഴിഞ്ഞ് ഭാര്യക്ക് വിസയുമായി നാട്ടിലേക്ക് തിരിക്കുമ്പോഴാണ് അപകടമുണ്ടായത്. *വാരാദ്യ മാധ്യമ*ത്തിലൂടെ പ്രസിദ്ധീകരിച്ചുവന്ന 'പ്രകാശ രേഖ' എന്ന പംക്തിയിലൂടെ ശൈഖ് മുഹമ്മദ് കാരകുന്നിനെ പരിചയപ്പെട്ടു. പ്രതിസന്ധിഘട്ടത്തിൽ അദ്ദേഹത്തിന്റെ ഉപദേശ നിർദേശങ്ങൾ താങ്ങും തണലുമായി. 14 വർഷത്തോളം അദ്ദേഹം ആ ബന്ധം കാത്തുസൂക്ഷിച്ചു. പെരിങ്ങത്തൂർ ഭാഗത്ത് പ്രാസ്ഥാനിക പരിപാടികൾക്ക് ശൈഖ് സാഹിബ് വരുമ്പോഴൊക്കെ ബശീർ സാഹിബിന്റെ വീട് സന്ദർശിച്ച് ആശ്വസിപ്പിക്കുമായിരുന്നു.

അല്ലാഹുവിന്റെ കഠിനമായ പരീക്ഷണം നേരിട്ട ബശീർ സാഹിബിനെപ്പോലെ ശ്രദ്ധേയമായിരുന്നു എല്ലാം സഹിച്ചും പ്രാർഥിച്ചും നീണ്ട 18 വർഷം സ്വന്തം ഭർത്താവിനെ പരിചരിച്ച ഫരീദയുടെ ത്യാഗം. വിവാഹമോചനത്തിലൂടെ മറ്റൊരു വിവാഹത്തിന് പലരും നിർബന്ധിച്ചിട്ടും ക്ഷമയോടെ എല്ലാറ്റിനെയും നേരിട്ട അവർ ഭൗതികമോഹങ്ങളുടെ കൊടുങ്കാറ്റ് വീശുന്ന ഈ കാലത്തും അല്ലാഹുവിന്റെ പ്രതിഫലം മാത്രം ആഗ്രഹിക്കുന്ന മനുഷ്യർ ഇന്നും ജീവിച്ചിരിക്കുന്നു എന്നതിന്റെ തെളിവാണ്. ഭൗതികമായ ഒരു സുഖവും നൽകാൻ സാധ്യതയില്ലാത്ത ഒരു മനുഷ്യനെ ദീർഘകാലം പരിചരിച്ച് ഫരീദ നമ്മെയെല്ലാം വിസ്മയിപ്പിക്കുന്നു.

ബശീർ സാഹിബിനെ അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ! അദ്ദേഹത്തെ പരിചരിച്ച സഹോദരി ഫരീദയെ അല്ലാഹു അർഹമായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ! അവരിരുവരെയും നമ്മെയും സ്വർഗത്തിൽ അല്ലാഹു ഒരുമിച്ചുകൂട്ടുമാറാകട്ടെ - ആമീൻ.

**ഫാറൂഖ് കരിയാട്**